**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **11-10-2024 - ൽ മറുപടിയ്ക്ക്**

**മങ്കട ഗവ.ആർട്സ്& സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ഗവ. ആർട്സ്&സയൻസ് കോളേജിൽ പുരോഗമിച്ചു വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **കോളേജിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം - പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി KITCO മുഖാന്തരം നടപ്പിലാക്കി വരുന്നു. 05/09/2024 ന് നിർമ്മാണം ഏൽപ്പിച്ച കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെയും ലൈബ്രറി ബ്ലോക്കിന്റെയും രണ്ടാം ഘട്ട നിർമ്മാണത്തിന് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് ആവശ്യമായ മേൽനോട്ടം നൽകുന്നുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലായി അവലോകന യോഗം ചേർന്നത് എന്നാണെന്ന് അറിയിക്കുമോ; | (ബി) | **ഉണ്ട്.മങ്കട കോളേജിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെ വകുപ്പിന് കീഴിലുള്ള എല്ലാ കിഫ്ബി വർക്കുകളും അവലോകനം ചെയ്യുന്നതിനായി 17/08/2024 ന് യോഗം സംഘടിപ്പിച്ചു.** |
| (സി) | നിലവിൽ യാതൊരു പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) | **1.നിലവിലുള്ള അക്കാദമിക് ബിൽഡിങ്ങിൽ ക്ലാസ് മുറികളുടെ കുറവ് ഉള്ളതിനാൽ കോളേജിനോട് അനുബന്ധിച്ചുള്ള എക്സ്റ്റൻഷൻ ബിൽഡിങ്ങിന്റെ നിർമ്മാണം.**<br><br>**2.കോളേജ് ഗ്രൗണ്ടിന്റെ പൂർണ്ണമായ വികസനം**<br><br>**3.ഓഡിറ്റോറിയം**<br><br>**4. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ**<br><br>**5.കാന്റീനും അമിനിറ്റി സെന്ററും**<br><br>**6.സെമിനാർ ഹാൾ**<br><br>**7.പ്രിൻസിപ്പാൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ** |

സെക്ഷൻ ഓഫീസർ